**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 220** **12-01-2021 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ കേരളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായ ഡിജിറ്റൽ കേരളം എന്ന സ്വപ്നപദ്ധതിയുടെ വിവിധ ഘട്ടങ്ങൾ പൂർത്തികരിക്കാൻ കഴിയുമോ; വിശദമാക്കാമോ? | (എ) | സാങ്കേതിക രംഗത്ത് സംസ്ഥാനത്തിനെ ഡിജിറ്റലായി ശാക്തീകരിക്കുന്നതിനും ഗവൺമെന്റ് സേവനങ്ങൾ ഇലക്ട്രോണിക് രീതിയിൽ പൗരന്മാർക്ക് ലഭ്യമാക്കുമെന്ന് ഉറപ്പുവരുത്തുന്നതിനുമായി കേരള സർക്കാർ ആരംഭിച്ച ഒരു ക്യാമ്പെയ്നാണ് ഡിജിറ്റൽ കേരളം. ഡിജിറ്റൽ കേരളം പദ്ധതിക്ക് മൂന്ന് പ്രധാന ഘടകങ്ങളുണ്ട് - സുരക്ഷിതവും സുസ്ഥിരവുമായ ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചറിന്റെ വികസനം, സർക്കാർ സേവനങ്ങൾ ഡിജിറ്റലായി വിതരണം ചെയ്യുക, സാർവത്രിക ഡിജിറ്റൽ സാക്ഷരത. 27.02.2016-ന് കോഴിക്കോട് സൈബർ പാർക്കിൽ, അന്നത്തെ രാഷ്ട്രപതിയായിരുന്ന ബഹുമാനപ്പെട്ട ശ്രീ. പ്രണബ് മുഖർജി കേരളത്തെ ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനമായി പ്രഖ്യാപിക്കുകയും കേരള സ്റ്റേറ്റ് ഐ.ടി മിഷന്റെ 'ഡിജിറ്റൽ എംപവർമെന്റ് ക്യാമ്പയിൻ'-ന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. സാധാരണ പൗരന്മാർക്ക് ഫലപ്രദമായി ഇന്റർനെറ്റ് ഉപയോഗിക്കാനും അതോടൊപ്പം തന്നെ സർക്കാർ, സ്വകാര്യ സേവനങ്ങൾ സുരക്ഷിതമായ രീതിയിൽ ലഭ്യമാക്കുന്നതിന് വേണ്ടിയാണ് ഈ പദ്ധതി തുടക്കം കുറിച്ചത്. ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചറിന്റെ വികസനം കെ-ഫോൺ, കെ-സ്വാൻ (KSWAN), പബ്ലിക് വൈ-ഫൈ, സ്റ്റേറ്റ് ഡാറ്റ സെന്റർ എന്നിവയിലൂടെയും സർക്കാർ സേവനങ്ങൾ ഡിജിറ്റലായി വിതരണം ചെയ്യുന്നതിനായി ഇ-ഡിസ്ട്രിക്ട്, എം-കേരളം എന്നീ പദ്ധതികളിലൂടെയും സാധിച്ചിട്ടുണ്ട്. സാർവത്രിക ഡിജിറ്റൽ സാക്ഷരത കൈവരിക്കുന്നതിനായുള്ള ഡിജിറ്റൽ എംപവർമെന്റ് ക്യാമ്പയിൻ സ്റ്റുഡന്റ് പോലീസ് കേഡറ്റ്കളെ ഉപയോഗിച്ചും നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ